## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.517/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.29.02.2020**

പരാമർശം:- 1) പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.04.2015 ലെ എ 1- 2246/15 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 21.05.2016 തീയതിയിലെ എം3-922/16 നമ്പർ കത്ത്.
3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 21.12.2016 ലെ കെ.എസ്.എ. 7358/പി.റ്റി.2/2016 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് 2007-08 വർഷം നടത്തിയ ഓഡിറ്റ് പരിശോധനയിൽ റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം 44,993/- (നാൽപത്തി നാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപ തടസ്സപ്പെടുത്തിയിരുന്നു. കൃഷി ഓഫീസർ നടപ്പിലാക്കിയ തെങ്ങുകൃഷി വികസനം എന്ന പദ്ധതിയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സംയോജിത ഉത്പാദന വർദ്ധന പദ്ധതിയുടെ ഭാഗമല്ലാതെ വളം വിതരണത്തിനു മാത്രമായി ചെലവഴിച്ച 44,993/- രൂപയായിരുന്നു തടസ്സപ്പെടുത്തിയത്. തുടർന്ന് പിരായിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേന ടി തടസ്സപ്പെടുത്തൽ സാധൂകരിക്കുന്നതിനുള്ള അപേക്ഷ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വഴി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ആയത് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) മുഖേന അനുകൂല ശിപാർശയോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ടി അപേക്ഷയിൻമേൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ശേഷം സാധൂകരണം സംബന്ധിച്ച അപേക്ഷയിൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

**2.** സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, പദ്ധതികൾ നിർവ്വഹിക്കപ്പെട്ട് കഴിഞ്ഞതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ 15.11.2014 ലെ 2(9)-ാം നമ്പർ തീരുമാനം പരിഗണിച്ചും പ്രസ്തുത ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വ്യക്തമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 21.05.2016 ലെ അനുകൂല ശിപാർശ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുകൂല ഉത്തരവിനായുള്ള അപേക്ഷ, പിരായിരി ഗ്രാമപഞ്ചായത്തിന്റെ 15.11.2014 തീയതിയിലെ 2(9)-ാം നമ്പർ സാധൂകരണത്തിന് അനുകൂലമായ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതി യോഗത്തിന്റെ അനുകൂല നടപടിക്രമങ്ങൾ, സാധൂകരണ വിഷയത്തിൽ യുക്തമായ തീരുമാനം സർക്കാരിന് കൈക്കൊള്ളാമെന്ന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിഗണിച്ച് പിരായിരി ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടഞ്ഞുവെച്ചിട്ടുള്ള 44,993/- (നാൽപത്തി നാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, പിരായിരി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**